# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2158 — 06/02/2019-ൽ മറുപടിക്ക്

## സിസേറിയന്റെ കണക്ക്

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.കെ.എം.ഷാജി</td><td colspan="2">കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)</td></tr>
<tr><td>എ)</td><td>സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷം നടന്ന പ്രസവങ്ങളിൽ പകുതിയും സിസേറിയൻ ആയിരുന്നു എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>എ)</td><td>കേരളത്തിൽ ആശുപത്രികളിൽ നടന്ന പ്രസവങ്ങളിൽ സിസേറിയൻ ഏകദേശം 41% ആണ്.</td></tr>
<tr><td>ബി)</td><td>സംസ്ഥാനത്ത് നടക്കുന്ന പ്രസവങ്ങളിൽ കൂടുതലും സിസേറിയനാകാനുള്ള കാരണം ഇത് കുറയ്ക്കുന്നതിനായി ഗവൺമെന്റ് നടത്തിയ സംയോജിത ശ്രമങ്ങൾ പരാജയപ്പെട്ടതാണ് എന്ന (സി.എ.ജി) റിപ്പോർട്ട് ഗൗരവമായി കണ്ടിട്ടുണ്ടോ;</td><td>ബി)</td><td>സംസ്ഥാനത്തെ സിസേറിയൻ നിരക്ക് കുറയ്ക്കുന്നതിനായി പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ മിഷനും നടപ്പാക്കി വരുന്നു. നഴ്സ്, ഗൈനക്കോളജിസ്റ്റ് എന്നിവർക്ക് KFOG (Kerala Federation of Obsterics and Gynaecology) യുടെ സഹകരണത്തോടെ പരിശീലനം നൽകി വരുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ സിസേറിയൻ നിരക്ക് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുന്നു.</td></tr>
<tr><td>സി)</td><td>സിസേറിയന്റെ ദേശീയ ശരാശരി 17.20 ശതമാനം ആണെന്നിരിക്കെ സംസ്ഥാനത്ത് ഇത് 45 ശതമാനം ആകാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;</td><td>സി)</td><td>ഇതു സംബന്ധിച്ച് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.<br>കേരളത്തിൽ കഴിഞ്ഞ 5 വർഷത്തെ സിസേറിയൻ നിരക്ക് താഴെ പറയും പ്രകാരമാണ്.
<table>
<tr><th>വർഷം</th><th>ശതമാനം</th></tr>
<tr><td>2014-15</td><td>40.7</td></tr>
<tr><td>2015-16</td><td>41.5</td></tr>
<tr><td>2016-17</td><td>41.2</td></tr>
<tr><td>2017-18</td><td>40.4</td></tr>
<tr><td>2018 ഡിസംബർ വരെ</td><td>40.9</td></tr>
</table>
</td></tr>
<tr><td>ഡി)</td><td>സംസ്ഥാനത്ത് മാത്രമുണ്ടായ ഈ ഭീമമായ വർദ്ധനവിന് കാരണം ഗവൺമെന്റ് ആശുപത്രികളാണോ; അതോ സ്വകാര്യ ആശുപത്രികളാണോ; വ്യക്തമാക്കുമോ;</td><td rowspan="2">ഡി) യും ഇ) യും</td><td rowspan="2">സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും നടക്കുന്ന സിസേറിയൻ നിരക്കിൽ കാര്യമായ വ്യത്യാസം കാണുന്നില്ല.<br>സിസേറിയൻ നിരക്ക് ശതമാനകണക്കിൽ
<table>
<tr><th>വർഷം</th><th>സ്വകാര്യ ആശുപത്രി</th><th>സർക്കാർ ആശുപത്രി</th></tr>
<tr><td>2014-15</td><td>41.2</td><td>39.8</td></tr>
<tr><td>2015-16</td><td>41.9</td><td>40.8</td></tr>
<tr><td>2016-17</td><td>41.5</td><td>40.8</td></tr>
<tr><td>2017-18</td><td>40.8</td><td>39.7</td></tr>
<tr><td>2018-19 (ഡിസംബർ)</td><td>41.3</td><td>40.2</td></tr>
</table>
സ്വകാര്യ ആശുപത്രികളുടെ പ്രത്യേകം പട്ടിക ലഭ്യമല്ല. ആയത് സംബന്ധിച്ച് നിയനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.</td></tr>
<tr><td>ഇ)</td><td>സ്വകാര്യ ആശുപത്രികളാണ് ഇക്കാര്യത്തിൽ മുൻപന്തിയിലെങ്കിൽ പ്രസ്തുത ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ; അവർക്കെതിരെ എന്തെങ്കിലും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ